بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# *Khuthba Summary* 27.06.14 **ഖുത്ബ സംഗ്രഹം**

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*27.06.14 ന് മസ്ജിദ് ബയ്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

# അബ്ദുൽ വഹ്ഹാബ് ആദം സാഹിബ്

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തിനുമുമ്പേയും ശേഷവും പല പ്രാവശ്യം **യൻസ്വുറുക്ക രിജാലുൻ നൂഹീ ഇലയ്ഹിം മിനസ്സമാഇ** എന്ന ഇൽഹാം ഉണ്ടായിട്ടുണ്ട്. നാം ഹൃദയങ്ങളിൽ ഇൽഹാം ഇറക്കുന്ന ആളുകൾ നിന്നെ സഹായിക്കുന്നതാണ്. 1907-ൽ അതിനോടൊപ്പം ഇങ്ങനേയും ഇൽഹാം ഉണ്ടായി **യഅ്തൂന മിൻകുല്ലി ഫജ്ജിൻ അമീഖ്** ദൂരദൂര സ്ഥലങ്ങളിൽനിന്ന് അവർ നിന്റെ അടുക്കൽ വരുന്നതാണ്. ഈ വെളിപാട് വലിയ പ്രൗഢിയോടുകൂടി വിവിധ രീതിയിലും വിവിധരൂപങ്ങളിലും ഇന്നേവരെ പൂർത്തിയായിക്കൊണ്ടേ പോകുന്നു. ആ മഹാത്മാവിന്റെ അടുക്കൽ വിവിധതരക്കാരായ ആളുകൾ വിവിധനാടുകളിൽനിന്ന് വന്നുകൊണ്ടിരുന്നു. ആ മഹാത്മാവിനു ശേഷം ആ മഹാത്മാവ് മുഖേന തുടങ്ങിയിട്ടുള്ള ഖിലാഫത്തിലും അതാതു കാലത്തെ ഖലീഫയുടെ അടുക്കൽ വന്നുകൊണ്ടിരുന്നു. ഇപ്പോഴും സഹായിക്കുന്നവർ വന്നുകൊണ്ടിരിക്കുന്നു. അല്ലാഹു അവരുടെ മനസ്സിനെ സഹായികളാകാൻ ഇങ്ങോട്ട് ചായിക്കുന്നുവെന്ന് മാത്രമല്ല, സഹായവും സേവനവും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ മിഷനെ പൂർത്തിയാക്കുന്നതിനുവേണ്ടി ഒരു തിളപ്പും ആഗ്രഹവും അവരിൽ ഉണ്ടാകുകയും ചെയ്യുന്നു.

ഹുദൂർ പറഞ്ഞു, ഇപ്പോൾ ഞാൻ നിഷ്ക്കളങ്കനും അനുരക്തനുമായ അത്തരം ഒരു വ്യക്തിയും ജമാഅത്തിന്റെ സേവകനുമായ ബഹുമാന്യ അബ്ദുൽ വഹ്ഹാബ് ആദം സാഹിബിനെ കുറിച്ച് പറയുന്നതാണ്. അദ്ദേഹം റബ്വ പട്ടണം ജനവാസമായിക്കൊണ്ടിരുന്ന കാലത്ത്, മതവിദ്യാഭ്യാസം കരസ്ഥമാക്കുന്നതിനും ഖിലാഫത്തിന്റെ ശക്തനായ സഹായി ആയിത്തീരുന്നതിനുംവേണ്ടി ആഫ്രിക്കയിലെ ഒരു രാജ്യത്ത് നിന്ന് അഹ്മദിയ്യാ ജമാഅത്തിന്റെ കേന്ദ്രത്തിൽ വന്നു. താൻ ഇനി ആ പ്രവർത്തനത്തിനായി തന്റെ എല്ലാവിധ കഴിവുകളും ചെലവഴിക്കും എന്ന ദൃഢനിശ്ചയത്തോടുകൂടിയാണ് അദ്ദേഹം വന്നത്. അക്കാലത്ത് ആഫ്രിക്കയുമായിട്ട് ബന്ധപ്പെടുന്നതിന് മാസങ്ങൾ എടുക്കുമായിരുന്നു. ഖിലാഫത്തിനുവേണ്ടി ജീവാർപ്പണം ചെയ്തിട്ടുള്ള യോദ്ധാവ്, കാലത്തിന്റെ ഖലീഫയുടെ നിർദേശങ്ങൾക്ക് വിധേയനായി ചലിക്കുന്ന വ്യക്തി, കാലത്തിന്റെ ഖലീഫയിൽനിന്നുവരുന്ന തീരുമാനങ്ങളെ തുറന്ന മനസ്സോടെ സ്വീകരിക്കുന്ന ആൾ, കാലത്തിന്റെ ഖലീഫയുടെ ചെറിയ ചെറിയ കല്പനകൾപോലും എന്നല്ല ആഗ്രഹങ്ങൾ പോലും പൂർത്തിയാക്കാൻ വ്യഗ്രത കാണിക്കുന്ന ദേഹവുമായിരുന്നു ഈ പ്രിയപ്പെട്ട നമ്മുടെ സഹോദരൻ. ഞാൻ എട്ടുവർഷക്കാലം അദ്ദേഹത്തോടൊപ്പം ഘാനയിൽ (Ghana) പ്രവർത്തിച്ചിരുന്നപ്പോഴും ഞാൻ പറഞ്ഞതുപോലെയുള്ള ബന്ധമായിരുന്നു അദ്ദേത്തിന് ഖിലാഫത്തിനോട്. ഖിലാഫത്തിനുശേഷം എന്നോടും അനുസരണത്തിന്റേയും പിന്തുടരലിന്റേയും കൂറിന്റേയും നിലവാരത്തിൽ അദ്ദേഹം കുറവുവരാൻ അനുവദിച്ചിരുന്നില്ല.

നിങ്ങൾക്കറിയാം കഴിഞ്ഞ ദിവസം അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. اِنَّا لِلّٰہِ وَاِنَّآ اِلَیۡہِ رٰجِعُوۡنَ ഈ സേവകന്റെ ജമാഅത്തിനുവേണ്ടിയുള്ള സേവനകാലം അരനൂറ്റാണ്ടിലേറെ വ്യാപിച്ചു നില്ക്കുന്നു. അദ്ദേഹത്തിന്റെ സേവനങ്ങളും അദ്ദേഹത്തിന്റെ വ്യക്തിത്വവും അദ്ദേഹത്തിന്റെ പെരുമാറ്റവും അദ്ദേഹത്തിന്റെ കൂറിന്റെ കഥനങ്ങളും ചുരുങ്ങിയ സമയത്തിൽ വിവരിക്കാൻ ഒക്കുകയില്ല. എന്തായാലും കുറച്ചു കാര്യങ്ങൾ ഞാൻ നിങ്ങളുടെ മുമ്പിൽ വെക്കുകയാണ്. അതുമുഖേന അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ചില വശങ്ങൾ പ്രകടമാകുന്നതാണ്.

1952-ലാണ് റബ്വയിലെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അദ്ദേഹം അയക്കപ്പെട്ടത്. 1960-ൽ ജാമിഅ അഹ്മദിയ്യാ റബ്വയിൽനിന്ന് ശാഹിദ് ഡിഗ്രി കരസ്ഥമാക്കി അദ്ദേഹം ഘാനയിലേക്ക് തിരിച്ചുപോയി. അവിടെ അദ്ദേഹം വിവിധ സ്ഥലങ്ങളിൽ റീജിയണൽ മിഷണറിയായി നിയമിതനായി. 1969-വരെ ആ റീജിയണിൽ-അതായിരുന്നു ആദ്യത്തെ റീജിയൺ- അതായത് ബ്രോങ് അഹാഫോ (Brong Ahafo)യിൽ അദ്ദേഹത്തിന് സേവനത്തിന് തൗഫീഖ് കിട്ടി. അതിനുശേഷം ഘാനയിലെ സാൾട്ട് പൗണിൽ ജാമിഅത്തുൽ മുബശ്ശിരീന്റെ പ്രിൻസിപ്പാളായി. അതുകഴിഞ്ഞ് 1971-ൽ വഹ്ഹാബ് സാഹിബ് യു.കെ.യിലെ മസജിദ് ഫള്ൽ ലണ്ടനിൽ നാഇബ് ഇമാമായി നിയമിതനായി. 1974-വരെ ഈ ചുമതല നിർവഹിച്ചു. 1975-ൽ ഘാനയിലെ അമീറും മിഷണറി ഇൻചാർജുമായി അദ്ദേഹം നിയമിക്കപ്പെട്ടു. ഏകദേശം 39 വർഷം വഫാത് വരെ ഈ സേവനം തുടർന്നുകൊണ്ടിരുന്നു.

ഇദ്ദേഹം റബ്വയിൽ ആയിരിക്കുമ്പോൾ ഘാന അമ്പാസിഡർ ഇവിടെ വന്നു. ഇദ്ദേഹം അദ്ദേഹത്തോട്, റബ്വ എങ്ങനെയാണ് ജനവാസയോഗ്യമായതെന്ന് പറഞ്ഞു. ഇതൊരു പൂഴിപ്രദേശമായിരുന്നുവെന്നും എങ്ങനെ ജനങ്ങൾ ത്യാഗങ്ങൾ ചെയ്ത് ഈ നിലയിലാക്കിയതെന്നുമെല്ലാം വിവരിച്ചുകൊടുത്തു. ഇദ്ദേഹം ഇക്കാര്യമെല്ലാം മനോഹരമായി

അവതരിപ്പിച്ചപ്പോൾ അത് കേട്ട് അമ്പാസിഡർ സാഹിബ് പറഞ്ഞു: "ദൈവവിശ്വാസമില്ലാത്ത ഒരാൾ ഈ സംഭവങ്ങൾ കേട്ട് തീർച്ചയായും ദൈവത്തിൽ വിശ്വസിക്കുന്നതാണ്." അദ്ദേഹം തബ്ലീഗിന്റെ ഒരു അവസരവും പാഴാക്കുകയില്ല.

മറ്റു ചില ഭാഗ്യങ്ങളും അദ്ദേഹത്തിന് ലഭിച്ചിരുന്നു. ആദ്യത്തെ ആഫ്രിക്കൻ കേന്ദ്ര മിഷണറി വഹ്ഹാബ് സാഹിബായിരുന്നു. ആദ്യത്തെ ഘാനിയൻ അമീറും മിഷണറി ഇൻ ചാർജും അദ്ദേഹമായിരുന്നു. ഖലീഫത്തുൽ മസീഹിന്റെ പ്രാതിനിധ്യത്തിൽ റബ്വയിലെ തദ്ദേശ അമീറാകാൻ ഭാഗ്യം സിദ്ധിച്ച ആദ്യത്തെ ആഫ്രിക്കൻ അഹ്മദിയും അദ്ദേഹമായിരുന്നു. യൂറോപ്പിൽ സേവനത്തിന് ഭാഗ്യം കിട്ടിയ ആദ്യത്തെ ആഫ്രിക്കൻ കേന്ദ്ര മിഷണറിയും ഇദ്ദേഹമായിരുന്നു. മജ്ലിസെ ഇഫ്ത്തായുടെ അംഗമെന്ന ബഹുമതി കിട്ടിയ ആദ്യത്തെ ആഫ്രിക്കനും ഇദ്ദേഹമായിരുന്നു. അദ്ദേഹത്തിന് കേന്ദ്ര പ്രതിനിധി എന്ന നിലയിൽ കാനഡ(Canada) ജർമനി (Germany) ബെനിൻ(Benin) മാലി(Mali) ഐവറികോസ്റ്റ് നൈജീരിയ(Nigeria) ബുർക്കിനാ ഫാസോ (Burkina Faso) ലൈബീരിയ(Liberia) സിയറ ലിയോൺ (Sierra Leone) ജമൈക്ക (Jamaica) തുടങ്ങിയ രാജ്യങ്ങളിൽ പര്യടനം നടത്താൻ ഭാഗ്യം സിദ്ധിച്ചിരുന്നു. 'ഇസ്ലാമും വർണവും വംശവും തമ്മിലുള്ള വിവേചനം' 'ഇസ്ലാമും ക്രിസ്തുമതവും' എന്നീ വിഷയങ്ങളിൽ ഗവേഷണം നടത്താനും പ്രബന്ധം എഴുതാനും ഭാഗ്യം കിട്ടി. തന്റെ മാതാവിന്റെ പേരിൽ അദ്ദേഹം ഒരു ഫൗണ്ടേഷനും(ധർമ പ്രവൃത്തി) തുടങ്ങി. അത് സാധുക്കളെ സഹായിച്ചുപോരുന്നു. അദ്ദേഹത്തിന്റെ രണ്ട് ഇമാറത്തിലും (നേതൃത്വത്തിലും) ഘാന ജമാഅത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ വലിയ അഭിവൃദ്ധി നേടി. അല്ലാഹുവിന്റെ കൃപയാൽ കുറച്ചു സ്കൂളുകൾ ആദ്യമേ അവിടെ ഉണ്ടായിരുന്നു. കുറച്ച് പിന്നീടു തുറക്കുകയുണ്ടായി. കുറച്ചു പുതിയതായി സ്ഥാപിച്ചു. അതിൽ കൂടുതുൽ പുരോഗതി ഉണ്ടായി. അഹ്മദിയ്യാ ജമാഅത്ത് നടത്തുന്ന 400 ലേറെ സ്കൂളുകൾ അവിടെ ഉണ്ട്. ഇതിനു പുറമെ ടീച്ചർ ട്രൈനിംഗ് കോളേജ്, ജാമിഅത്തുൽ മുബശ്ശിരീൻ, ജാമിഅ അഹ്മദിയ്യാ ഇന്റർ നാഷണൽ തുടങ്ങിയവയും പ്രവർത്തിച്ചു വരുന്നു. ഇപ്രകാരംതന്നെ ഏഴ് വലിയ ആശുപത്രികൾ നമ്മൾ നടത്തുന്നുണ്ട്. ഘാനയിൽ രണ്ട് ഹോമിയോപ്പതിക് ക്ലിനിക്കുകളും സേവനം ചെയ്തു വരുന്നു. ഇതു കൂടാതെ പൊതുജന നന്മയ്ക്കുവേണ്ടിയുള്ള പ്രവർത്തനവും നടന്നു വരുന്നു. ഇലക്ട്രോണിക്കിലും പ്രിന്റ് മീഡിയായിലും ജമാഅത്തിന് അസാധാരണമായ സ്ഥാനമാണുള്ളത്. ഘാനയുടെ രണ്ട് പ്രശസ്ത രാജ വീഥിയുണ്ട്. അദ്ദേഹം വളരെ പ്രയാസപ്പെട്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ വലിയ വലിയ ഫോട്ടോകൾ അവിടെ പതിപ്പിച്ചു. വരുന്നവരും പോകുന്നവരുമായ എല്ലാവരും അത് കാണുന്നു. അതിന്റെ താഴെ ഇങ്ങനെ എഴുതിയിരിക്കുന്നു: പ്രതീക്ഷിച്ചുകൊണ്ടിരുന്ന മസീഹ് വന്നിരിക്കുന്നു. അദ്ദേഹമാണിത്. ഇപ്രകാരം അദ്ദേഹം തുറന്ന നിലയിൽ അവിടെ തബ്ലീഗ് ചെയ്തുകൊണ്ടിരുന്നു.

അദ്ദേഹത്തിനു കിട്ടിയ ഭൗതിക ബഹുമതികൾ ഇവയാണ്: കൊറിയയിൽ ഇന്റർ റിലീജിയസ് ആൻഡ് ഇന്റർ നാഷണൽ ഫെഡറേഷൻ ഫോർ വേൾഡ് പീസ് (Inter Religious and International Fedration for World peace) സമാധാനത്തിനു വേണ്ടിയുള്ള ആത്മാർഥപൂർണവും ഗംഭീരവുമായ സേവനത്തിന് അമേരിക്കയിൽനിന്ന് അമ്പാസഡർ ഓഫ് പീസ് (Ambassador for Peace) എന്ന ബഹുമതി നല്കപ്പെട്ടു. ഇപ്രകാരംതന്നെ ഘാന അമീർ സാഹിബിന് അദ്ദേഹം വിദ്യാഭ്യാസ, ആരോഗ്യ കൃഷി വകുപ്പിനും രാജ്യത്തിന്റെ സമാധാനത്തിനും ഭദ്രതയ്ക്കും വേണ്ടിചെയ്ത സേവനം പരിഗണിച്ച് ഘാന സർക്കാർ, കംപാനിയൻ ഓഫ് ദ ഓർഡർ ഓഫ് ദ വോൾട്ട (Companion of the Order of the Volta) എന്ന സുപ്രധാന ദേശീയ ബഹുമതി നല്കി ആദരിച്ചു.

2007 നവംബർ 10-ന് അദ്ദേഹത്തിന്റെ മികച്ച കഴിവുകൾ പരിഗണിച്ച് രാജ്യത്തെ ഒരു വലിയ യൂണിവേഴ്സിറ്റിയായ യൂണിവേഴ്സിറ്റി ഓഫ് കേപ്കൊസിട്നെ പി എച്ച് ഡി എന്ന ബഹുമതി ഡിഗ്രി നല്കി ആദരിച്ചു. ഇതാണ് സദുദ്ദേശ്യത്തോടെ ചെയ്യപ്പെട്ട വഖ്ഫിന്റെ അനുഗ്രഹങ്ങൾ. അതായത് മതപരമായ സേവനത്തോടൊപ്പം അല്ലാഹു അദ്ദേഹത്തെ ഭൗതിക ബഹുമതികൾകൊണ്ടും അനുഗ്രഹിച്ചു. വഖ്ഫ് ചെയ്തില്ലായിരുന്നെങ്കിൽ മറ്റെന്തെങ്കിലും പ്രവൃത്തികൾ ചെയ്തിട്ടുണ്ടോ എന്ന് അറിയുകയില്ലായിരുന്നു. വഹ്ഹാബ് സാഹിബ് ആരായിരുന്നു എന്നും അറിയുകയില്ലായിരുന്നു. ഇന്റർനാഷണൽ ലവലിലുള്ള അദ്ദേഹത്തിന്റെ ചുമതലകൾ താഴെ പറയുന്നവയായിരുന്നു.

ഘാന സെന്റർ ഫോർ ഡമോക്രാറ്റിക് ഡവലപ്മെന്റ് (സി ഡി ഡി),(Centre for Democratic Development(CDD), Ghana) ലെ അംഗമായിരുന്നു. ഘാന ഇന്റിഗ്രിറ്റി ഇനിഷ്യേറ്റീവ് (Ghana Integrity Initiative)ന്റെ വൈസ് ചെയർമാനായിരുന്നു. നാഷണൽ പീസ് കൗൺസിലിന്റെ (National Peace Council)മെമ്പറായിരുന്നു. ഇതിൽ വലിയ പ്രവർത്തനമാണ് കാഴ്ചവെച്ചത്. അവിടെത്തെ രാഷ്ട്രീയ ഭരണകൂടങ്ങളെ പരസ്പരം സമാധാനത്തോടെ രാജ്യം ഭരിക്കുന്നതിന്- കോ ഫൗണ്ടർ (Co-Founder) ഇന്റർനാഷണൽ പ്രസിഡന്റ് ഫോർ കൗൺസിൽ ഓഫ് റിലീജിയസുണ്ടായിരുന്നു. അതിൽ വിവിധ മതങ്ങളുടെ ആളുകളുടെ പ്രാതിനിധ്യം ഉണ്ടായിരുന്നു- നാഷണൽ റീകൺസിലിയേഷൻ (reconciliation) കമ്മീഷന്റെ മെമ്പറായിട്ടുണ്ട്.

ഘാന വൈസ് പ്രസിഡന്റ് 'എസ്ബീകൊ ആർഥർ' പറയുന്നു: "അദ്ദേഹം നമ്മുടെ ജനതുയുടെ മഹാനായ നേതാവായിരുന്നു. ഘാന സർക്കാർ ആ മഹാനായ നേതാവിന്റെ വിയോഗത്തിൽ അദ്ദേഹത്തിന്റെ ബന്ധുമിത്രാദികളോടും അഹ്മദിയ്യ മുസ്ലിം മിഷനോടുമൊപ്പം ദുഃഖത്തിൽ പങ്കുചേരുന്നു. നമ്മളിൽപ്പെട്ട ധാരാളം ആളുകൾ മൗലവി വഹ്ഹാബ് ആദം ഈ രാജ്യത്ത് സമാധാനാന്തരീക്ഷം സൃഷ്ടിക്കുന്നതിനുവേണ്ടി ചെയ്ത പരിശ്രമത്തെ എന്നെന്നും ഓർക്കുന്നതാണ്. ഇപ്രകാരംതന്നെ അദ്ദേഹത്തിന്റേയും അദ്ദേഹം നിരവധി വർഷം നേതൃത്വം നല്കിയ അഹ്മദിയ്യാ മുസ്ലിം മിഷന്റേയും വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടിയുള്ള കഠിനശ്രമങ്ങളേയും ഒരിക്കലും വിസ്മരിക്കുകയില്ല. പണ്ഡിതനും(Scholar) മതനേതാവുമായ അദ്ദേഹത്തെ വേദന നിറഞ്ഞ ഹൃദയത്തോടെ യാത്ര പറയുന്നതിനോടൊപ്പം പ്രാർഥിക്കുന്നു, 'ഏതൊരു സമാധാനം സ്ഥാപിക്കാനാണോ അദ്ദേഹം

പരിശ്രമിച്ചിരുന്നത് അത് നമ്മുടെ രാജ്യത്ത് എന്നെന്നും നില നിൽക്കുമാറാകട്ടെ."

ഘാനയുടെ മുൻ പ്രസിഡന്റായിരുന്ന ജോൺ അജീകും കോഫൂർ (John Agyekum Kufuor)സാഹിബ് പറയുന്നു: "വലിയൊരു ദൈവഭക്തനും ജനകീയനുമായ മാർഗദർശിയായിരുന്നു."

പാർലമെന്റ് അംഗവും സംസ്ഥാന മിനിസ്റ്റർ ഓഫ് സ്റ്റേയിറ്റുമായ ഡാക്ടർ മുസ്തഫാ അഹ്മദ് പറയുന്നു:

" اِنَّا لِلّٰهِ وَ اِنَّآ اِلَيْهِ رٰجِعُوْنَ. ഘാന തന്റെ ഒരു അഭിമാനാർഹമായ മകനെ നഷ്ടപ്പെടുത്തി. അദ്ദേഹം സമാധാനത്തിനു വേണ്ടിച്ചെയ്ത പരിശ്രമങ്ങളിൽനിന്ന് ജനത നിരന്തരം ഫലമെടുത്തുകൊണ്ടേയിരിക്കും. ഞങ്ങളുടെ അഭിവൃദ്ധിക്കും പുരോഗതിക്കുംവേണ്ടി ചെയ്ത നിരവധി സേവനങ്ങൾ കാരണം ഞങ്ങളെന്നും താങ്കളെ ഓർക്കുന്നതാണ്. അല്ലാഹു താങ്കൾക്ക് ജന്നത്തുൽ ഫിർദൗസിൽ ഇടം നല്കുമാറാകട്ടെ."

ഇക്റായിലെ കത്തോലിക് ആർച് ബിഷപ്പ് ചാൾസ് ജി. പാമർ ബക്കിൾ (Charles G.Palmer Buckle)പറയുന്നു: മനുഷ്യസേവനത്തിന്റെ അവസാന ധ്വജവാഹകനായിരുന്നു. സമാധാന ദൂതനായിക്കൊണ്ട് ദൈവസ്നേഹത്തെ വിതരണം ചെയ്തിരുന്നു. ഏതൊരു ഉന്നത വീക്ഷണങ്ങളിലാണോ അദ്ദേഹം നിലനിന്നിരുന്നത് ഏതോന്നിനുവേണ്ടിയാണോ അദ്ദേഹം പ്രവൃത്തിച്ചത് അവ എന്നെന്നും സജീവമായി വെക്കപ്പെടുന്നതാണ്."

റവറന്റ് പ്രൊഫസർ എമ്മാനുവൽ അസാൻഡേ (Most.Rev. Prof. Emmanuel Asante) അദ്ദേഹം മെത്തോഡിസ്റ്റിന്റെ (Methodist) ബിഷപ്പ്പ്രസിഡന്റും നാഷണൽ പീസ് കോൺഫ്രൻസിന്റെ ചെയർമാനുമാണ്. എഴുതുന്നു: "ഒരു സമാധാനപ്രിയനും ദേശസ്നേഹിയും മൈത്രിക്കുവേണ്ടി പ്രവർത്തിക്കുന്ന ആളും പൊടുന്നനെ ദൈവത്തിലേക്ക് പോയി. അദ്ദേഹം സമാധാന സംസ്ഥാപനത്തിനായി സ്വായത്തമാക്കിയ അടിസ്ഥാന ആദർശങ്ങളെ നാഷണൽ പീസ് കോൺഫ്രൻസ് നിലനിറുത്തുന്നതാണ്."

വിദേശകാര്യ മന്ത്രാലയത്തിന്റെ പ്രതിനിധി ഹാജീ മുഹമ്മദ് ഗോഡോ സാഹിബ്-അദ്ദേഹം ഗവർണിംങ് കൗൺസിലിന്റേയും സമാധാനത്തിനുവേണ്ടിയുള്ള ഘാന മത കൗൺസിലിന്റേയും വൈസ് ചെയർമാനാണ്. എഴുതുന്നു: ഘാനയിലെ മുസ്‌ലിം കമ്മ്യൂണിറ്റിയുടെ വലിയൊരു സ്തംഭം നമ്മൾ നഷ്ടപ്പെടുത്തി. മറ്റു ലോകത്ത് അഹ്മദി 'മുസ്‌ലിം' അല്ല. എന്നാൽ, ഇവിടത്തെ മുസ്‌ലിം സംഘടനകൾ പറഞ്ഞുകൊണ്ടിരിക്കുന്നു, തങ്ങൾ ഘാനയിലെ മുസ്‌ലിം കമ്മ്യൂണിറ്റിയുടെ വലിയൊരു സ്തംഭം നഷ്ടപ്പെടുത്തിയിരിക്കുന്നുവെന്ന്. അദ്ദേഹം വിവിധമതങ്ങൾ തമ്മിൽ ബന്ധം വയ്ക്കാനുള്ള പാലം നാട്ടി. മൗലവി വഹ്ഹാബ് ആദം അങ്ങേയറ്റം മഹാനും മൈത്രിസ്ഥാപിക്കുന്ന മാർദർശിയുമായിരുന്നു. അദ്ദേഹം തന്റെ ജീവിതത്തിന്റെ വലിയൊരു ഭാഗം മനുഷ്യസേവനത്തിനായി ചെലവഴിക്കുകയും ബന്ധങ്ങളെ സുസ്ഥിരമാക്കുകയും ചെയ്തു.

അദ്ദേഹത്തിന്റെ മകൻ ഹസൻ വഹ്ഹാബ് പറയുന്നു:

"പിതാവ് അഹ്മദിയ്യാ ഖിലാഫത്തിനോട് യഥാർഥ കൂറു പുലർത്തുന്ന ആളായിരുന്നു. എല്ലാ കാര്യങ്ങളിലും കാലത്തിന്റെ ഖലീഫയിൽനിന്ന് മാർഗ നിർദേശം തേടിയിരുന്നു. ചിലപ്പോൾ മാർഗനിർദേശംതേടി ചെറിയ ചെറിയ കാര്യങ്ങളും ഖലീഫയ്ക്കെഴുതാറുണ്ടായിരുന്നു. ഉദാഹരണത്തിന് തന്റെ മരണത്തിന് ഒരാഴ്ച മുമ്പേ അസുഖം കാരണത്താൽ കൂടുതൽ ക്ഷീണിതനായപ്പോൾ ആശുപത്രിയിൽ പോകാൻ ഡോക്ടർ സാഹിബ് പറഞ്ഞു. അപ്പോൾ അദ്ദേഹം ഡോക്ടർ സാഹിബിനോട് പറഞ്ഞു, 'ആദ്യം കാലത്തിന്റെ ഖലീഫയ്ക്കെഴുതി അനുവാദം വാങ്ങട്ടെ. അതിനുശേഷം പോകാം.'

ബിശാറത്ത് സാഹിബിന്റെ ഭാര്യ എഴുതുന്നു: "വഹ്ഹാബ് സാഹിബ് വിദ്യാഭ്യാസം പൂർത്തിയാക്കിയപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിജയിയായ മുബല്ലിഗായി. വഹ്ഹാബ് സാഹിബിന്റെ സ്വഭാവത്തിൽ ആരംഭം മുതലേ ഒരു പാട് വിനയമുണ്ടായിരുന്നു. 1954-ലാണ് എന്റെ വിവാഹം നടന്നത്. അപ്പോൾ വഹ്ഹാബ് സാഹിബ് ഞങ്ങളുടെ വീട്ടിൽ വരികയും മൗലാനായുടെ ബൂട്ട് തരാൻ എന്നോടു പറയുകയും ചെയ്യുമായിരുന്നു. അതായത് പോളീഷ് ചെയ്യുന്നതിനുവേണ്ടി ബിശാറത്ത് ബശീർ സാഹിബിന്റെ ബൂട്ട് ചോദിക്കും. മുബല്ലിഗ് ആകാൻ പോകുന്ന കുട്ടികളെക്കൊണ്ടു ഞാൻ സേവനം ചെയ്യിക്കണോ ?എന്നോർത്ത് പരിഭ്രമിക്കും. അപ്പോൾ അദ്ദേഹം നിർബന്ധിച്ചുകൊണ്ട് പറയും: 'റബ്വയിൽ കൊണ്ടുവന്നിട്ട് അദ്ദേഹം എന്നോട് കാണിച്ച ഉപകാരത്തിന് എല്ലാ വിധത്തിലും ഞാൻ പ്രത്യുപകാരം ചെയ്യട്ടെ. അല്ലെങ്കിലും ഉസ്താദിനോടുള്ള ബഹുമാനം അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഉണ്ടായിരുന്നു. ബിശാറത്ത് ബശീർ സാഹിബ് വഫാത്തായപ്പോൾ അദ്ദേഹം ഒരു സുദീർഘലേഖനം എഴുതിയിരുന്നു. അദ്ദേഹം അത് പറഞ്ഞപ്പോൾ അതിൽ സന്തോഷിക്കുകയും ചെയ്തിരുന്നു.

ബുർക്കിനാ ഫാസോ(Burkina Faso)യിലെ ജമാഅത്ത് അദ്ദേഹം മുഖേനയാണ് സ്ഥാപിതമായത്. ഖിലാഫത്ത് ജൂബിലിയുടെ ജൽസയിൽ ബുർക്കിനാ ഫാസോയിൽ നിന്ന് സൈക്കിൾ സംഘം പുറപ്പെട്ടപ്പോൾ 'ടംബാല'യിൽ നേരിട്ട് വന്ന് സ്വീകരിക്കുമെന്ന് അവർക്ക് സന്ദേശം അയച്ചു. തിരക്കുണ്ടായിട്ടുകൂടി അദ്ദേഹം പോയി. ഇരുന്നൂറ് മുന്നൂറ് മൈൽ യാത്ര ചെയ്ത് ബോർഡറിൽച്ചെന്ന് അവരെ സ്വാഗതം ചെയ്തു.

ഒരു റഷ്യൻ സ്നേഹിതനായ ഖാനാത്ത് ബേഗ് സാഹിബ് പറയുന്നു: '2008-ൽ ഘാനയിലെ ജൽസയിൽ പങ്കെടുക്കാൻ ഭാഗ്യം കിട്ടി. എനിക്ക് ഘാന അമീർ സാഹിബിൽനിന്ന് അദ്ദേഹത്തിന്റെ താമസസ്ഥലത്ത് താമസിക്കാൻ ക്ഷണം കിട്ടി. തന്റെ പാരമ്പര്യ വസ്ത്രത്തിൽ എന്നെ കണ്ടു. ആശ്ലേഷിച്ചു. എത്ര സന്തോഷത്തോടെയാണ് അദ്ദേഹം എന്നെ ആശ്ലേഷിച്ചതെന്നാൽ എന്റെ അഞ്ചു ദിവസത്തെ യാത്രാക്ഷീണമെല്ലാം പെട്ടെന്ന് അകന്നു.' അദ്ദേഹം പറയുന്നു: ഇപ്പോഴും ഞാൻ ഫോട്ടോ കാണുമ്പോഴെല്ലാം അദ്ദേഹത്തിന്റെ കൈയുടെ ചൂട് അനുഭവിക്കുന്നുണ്ട്. എനിക്ക് അദ്ദേഹത്തിന്റെ ഈ പെരുമാറ്റവും വളരെ ഇഷ്ടപ്പെട്ടു. അദ്ദേഹത്തോടൊപ്പം രാജ്യത്തിന്റെ പ്രസിഡന്റ് കസേരയിൽ ഇരിക്കുകയായിരുന്നു. അദ്ദേഹം പ്രസിഡന്റിന് നല്കിയ അതേ ആദരവു തന്നെയായിരുന്നു ഡ്യൂട്ടിയിൽ ഉണ്ടായിരുന്നവർക്കും നല്കിയത്. അവർ വെയിലിൽനിന്ന് രക്ഷപ്പെടാനുള്ള വലിയ കുട പിടിച്ചു നില്ക്കുകയായിരുന്നു. അദ്ദേഹം രണ്ടുപേരോടും ഒരേ

രീതിയിൽ താങ്കൾക്ക് ദാഹിക്കുന്നുണ്ടോ എന്ന് മാറിമാറി ചോദിച്ചുകൊണ്ടിരുന്നു. സാധുക്കളേയും സമ്പന്നരേയും ഒരേ രീതിയിൽ ശ്രദ്ധിച്ചു."

മലിക് മുസഫർ സാഹിബ് പറയുന്നു: 'രാഷ്ട്രീയത്തിലുള്ള സ്വാധീനം ഒരിക്കൽ അറിയാൻ കഴിഞ്ഞു. ഈ സാധു ഇക്റായിൽ നിന്ന് ടീമാ-ഇത് രണ്ട് നഗരങ്ങളാണ്-പോകുകയായിരുന്നു. വഴിയിൽ തടസ്സമുണ്ടായിരുന്നു. അവിടെ പത്രങ്ങൾ വില്ക്കുന്നുണ്ടായിരുന്നു. പത്രത്തിന്റെ മുൻ പേജിൽ വഹ്ഹാബ് സാഹിബിന്റെ ഫോട്ടോ കണ്ടു. ഞാൻ തദ്ദേശ മുബല്ലിഗിനെക്കൊണ്ട് അന്വേഷിപ്പിച്ചു. അവർ പറഞ്ഞു, കുറച്ച് ആഴ്ചകൾക്കുമുമ്പേ ഘാനയിൽ ജനറൽ ഇലക്ഷൻ നടന്നിരുന്നു. നിലവിലുള്ള പാർട്ടി പ്രതിപക്ഷത്തെക്കാൾ നിസ്സാര വ്യത്യാസത്തിൽ ജയിച്ചു. അവർ ഭരണം അംഗീകരിക്കുന്നില്ല. ആ ഘട്ടത്തിൽ വലിയ കലഹവും അശാന്തിയും ഉണ്ടാകുമോ എന്ന ആശങ്ക ഉണ്ടായിരുന്നു. വഹ്ഹാബ് സാഹിബ് ഇരുപാർട്ടികളുമായി കണ്ട് സമാധാനം നിലനിറുത്താൻ വേണ്ടി ചെയ്ത പരിശ്രമത്തിന്റെ വാർത്തയാണ് കൊടുത്തിട്ടുള്ളത്. ജനങ്ങൾ അദ്ദേഹത്തെ അനുമോദിക്കുകയാണ്.

ഞാൻ ഘാനയിലായിരുന്നപ്പോൾ എന്നോട് പല പ്രാവശ്യവും വേദനയോടെ പറഞ്ഞിട്ടുണ്ട്: ചില മുറബ്ബിമാർ പരിശ്രമിക്കുന്നുണ്ട്. അവർ ഒരുപാട് പരിശ്രമിക്കുന്നുണ്ട്. എന്നാൽ, ചിലരുണ്ട് അവർ ഒരു പണിയും എടുക്കുന്നില്ല. ഇതിനെക്കാൾ കൂടുതൽ ജോലി ചെയ്യാൻ കഴിയില്ലെന്ന് അവർ മറുപടി തരുന്നു. വാസ്തവത്തിൽ പ്രബോധനത്തിന്റെ പുതിയ പുതിയ വഴികൾ തുറക്കുകയാണ് വേണ്ടത്. നമുക്ക് സന്ദേശമെത്തിക്കണം." ഇക്കാര്യം 100% ശരിയായിരുന്നു. ചിലർ മനസ്സിലാക്കുന്നത് തുടർന്നു വരുന്ന രീതിയിൽതന്നെ പോയാൽ മതിയെന്നാണ്. മാമൂലുകളെ അന്ധമായി അനുകരിച്ചുകൊണ്ടിരിക്കുക. പുതിയ പുതിയ വഴികളൊന്നും തുറക്കാൻ പോകണ്ട. എന്തായാലും വഹ്ഹാബ് സാഹിബിന്റെ പരിശ്രമം എല്ലായിടത്തും സന്ദേശം എത്തിക്കുക എന്നതായിരുന്നു. ശരിയായ ഇസ്‌ലാമിന്റെ സന്ദേശമെത്തുക. അതിനുവേണ്ടി സ്വയം പരിശ്രമിച്ചിരുന്നു.

അദ്ദേഹത്തിന്റെ ഖബറടക്കവും സർക്കാർ ബഹുമതിയോടെയാണ് നടന്നത്. രാഷ്ട്രത്തിന്റെ പ്രസിഡന്റ് അദ്ദേഹത്തിന്റെ ജനാസ തന്റെ സ്റ്റേറ്റ് ഹൗസിൽ വരുത്തിച്ചു. അവിടെ നമസ്കരിപ്പിച്ചു. സർക്കാരിന്റെ പ്രോട്ടോക്കാൾ പൂർത്തിയാക്കി. ജനാസ കൊണ്ടുപോകുന്നതിനുവേണ്ടി സർക്കാരിൽ നിന്ന് പോലീസും ആർമിയും പാരാമിലിട്ടറി ഫോർസസിന്റെ വണ്ടികളും പൂർണ ബഹുമതി നല്കി ആദരിച്ചു. പിന്നീട് അവിടെ എല്ലാ കർമങ്ങളും പൂർത്തിയാക്കി. സ്റ്റേറ്റ് ഹൗസിൽ വിവിധ മന്ത്രിമാരും പ്രസിഡന്റും വൈസ് പ്രസിഡന്റും അദ്ദേഹത്തെ അനുസ്മരിച്ച് സംസാരിച്ചു. പ്രസിഡന്റിന്റെ പ്രതിനിധിയും – അദ്ദേഹമാണ് പാർലമെന്റ് സ്പീക്കർ– അതുപോലെതന്നെ വൈസ് പ്രസിഡന്റും അവിടെ സന്നിഹിതരായിരുന്നു. പൂർണമായ പ്രോട്ടോക്കാൾ നല്കപ്പെട്ടു. മതനേതാക്കന്മാരും ക്രിസ്ത്യാനികൾ തുടങ്ങിയവരും അദ്ദേഹത്തെ സ്മരിക്കുക ഉണ്ടായി. ജാമിഅ അഹ്മദിയ്യാ ഘാനയുടെ പ്രിൻസിപ്പാൾ നമ്മുടെ ഫരീദ് സാഹിബ് ജീവിതത്തിന്റേയും മരണത്തിന്റേയും ഇസ്‌ലാമിക തത്ത്വവും വീക്ഷണവും ഖുർആനിന്റേയും ഹദീഥിന്റേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ലിഖിത ശകലങ്ങളുടേയും വെളിച്ചത്തിൽ വിവരിച്ചു.

എന്തായാലും പൂർണ ബഹുമതിയോടെ അദ്ദേഹത്തെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവിടെനിന്ന് കൊണ്ടുപോയി. ഘാനയിലെ മൂസിയാൻ ഖബ്ർസ്ഥാനിൽ ഖബ്റടക്കി. മാധ്യമങ്ങളിലും ഒരുപാട് കവറേജുണ്ടായി. ഘാന ടെലിവിഷൻ പൂർണമായും കവറേജ് നല്കി. സ്ട്രീമിംങിലൂടെ ലോകമെമ്പാടും കാണിക്കപ്പെട്ടു. അദ്ദേഹത്തിന്റെ ബന്ധുക്കളിൽ അദ്ദേഹത്തിന്റെ ഭാര്യ മർയം വഹ്ഹാബ് സാഹിബയും നാല് ആൺമക്കളും മൂന്നു പെൺമക്കളുമാണുള്ളത്. അല്ലാഹു ഇവരെല്ലാവരേയും തന്റെ സംരക്ഷണത്തിലും സമാധാനത്തിലും വെക്കുമാറാകട്ടെ. അദ്ദേഹത്തെപോലെ ജമാഅത്തുമായി സുദൃഢ ബന്ധം വെക്കുമാറാകട്ടെ. തന്റെ ഭാര്യയിൽ നിന്നും മക്കളിൽനിന്നും അദ്ദേഹം ആഗ്രഹിച്ചതും അതു തന്നെയാണ്. അല്ലാഹു അവർക്ക് ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ. വഹ്ഹാബ് സാഹിബിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. തന്റെ പ്രിയപ്പെട്ടവരുടെ സമീപത്ത് ഇടം നല്കുമാറാകട്ടെ. നമസ്കാരത്തിനുശേഷം إن شاء الله അദ്ദേഹത്തിന്റെ ജനാസ ഗായിബും നമസ്കരിക്കുന്നതാണ്.


Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Masjid Baithul Futhuh,London – on 27.06.14
Summarized by Nazarath Nashr-O-Isha'ath, Qadian
Malayalam Translation : Mau.Muhammad Ismail Alleppey For Malayalam Desk,Qadian.



If Undelivered Please Return To
Nazarath Nashr-O-Isha'ath,
Sadr Anjuman Ahmadiyya
Qadian, 143516,
Gurdaspur-Dt, Punjab-St


To